(സി) ഉണ്ടെങ്കിൽ എത്ര സബ് എഞ്ചിനീയർമാരുടെ നിയമനത്തിനാണ് ആവശ്യപ്പെട്ടിരിക്കുന്നത് ;

(ഡി) നിലവിലുള്ള വേക്കൻസികൾ എത്ര ദിവസത്തിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യും എന്ന് പറയാമോ ?

ഉത്തരം

(എ) 418 ഒഴിവുകൾ നിലവിലുണ്ട്.

(ബി, ഡി) പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 83 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ദേശീയ റോഡ് വികസന പദ്ധതി

92 [1214] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ഡി.എ. സർക്കാർ നടപ്പിലാക്കിയ ദേശീയ റോഡ് വികസന പദ്ധതിയിൽ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരത്ത് നിന്ന് തിരുനെൽവേലിക്ക് പുതിയൊരു റോഡ് നിർമ്മിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) തിരുവനന്തപുരം കന്യാകുമാരി റോഡ് 4 വരിയാക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) എൻ.ഡി.എ. സർക്കാർ നടപ്പിലാക്കിയ ദേശീയ റോഡ് വികസന പദ്ധതിയിൽ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ ഉൾപ്പെടുത്താൻ വേണ്ടി ദേശീയപാത 47-നെയും ദേശീയപാത 7-നെയും ബന്ധിപ്പിക്കുന്ന തിരുവനന്തപുരം-കാട്ടാക്കട-അംബാസമുദ്രം-തിരുനെൽവേലി റോഡ് ടി പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 140 കിലോമീറ്റർ ദൈർഘ്യമുള്ള പ്രസ്തുത റോഡിൽ 90 കിലോമീറ്റർ വാഹന ഗതാഗതമുള്ളതാണ്. 50 കിലോമീറ്ററോളം വനത്തിലൂടെ പുതിയ റോഡ് നിർമ്മിച്ചാൽ മാത്രമേ ഈ പദ്ധതി യാഥാർത്ഥ്യമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള എൻ.എച്ച്.-47, എൻ.എച്ച്.ഡി.പി. മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റോഡ് നാലുവരി പാതയായി നിർമ്മിക്കുന്നതിനുവേണ്ടി സാധ്യതാപഠനം നടത്തുന്നതിനുവേണ്ടി SEACON Service Ltd. (സീകോൺ സർവ്വീസ് ലിമിറ്റഡ്)-നെ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

എം. സി. റോഡിന്റെ വികസനം

93 [1215] ശ്രീ. റോഷി അഗസ്റ്റിൻ :
,, കെ. നാരായണക്കുറുപ്പ് :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) എം. സി. റോഡിന്റെ വികസനം ഏത് ഘട്ടം വരെയായി എന്നറിയിക്കാമോ ;

(ബി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ടോ ;

(സി) റോഡ് വികസനവുമായി ബന്ധപ്പെട്ട് എത്ര ബൈപ്പാസുകൾ നിർമ്മിക്കാനാണുദ്ദേശിക്കുന്നത് ;

(ഡി) എം.സി. റോഡിന്റെ വികസനം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് സർക്കാർ കരുതുന്നത് ?

ഉത്തരം

(എ) ഒന്നാംഘട്ട അപ്ഗ്രഡേഷനിൽ തൈക്കോട്-കൊട്ടാരക്കര (46 കി.മീ.), കൊട്ടാരക്കര-അടൂർ-ചെങ്ങന്നൂർ (44 കി.മീ.) എന്നിവയുടെ പണി നടന്നുവരുന്നു. 50% പണികൾ പൂർത്തിയായി. ബാക്കി പണികൾ പുരോഗതിയിലാണ്. രണ്ടാംഘട്ട അപ്ഗ്രഡേഷനിൽ ചെങ്ങന്നൂർ-മൂവാറ്റുപുഴ (90 കി.മീ.) റോഡിന്റെ ടെണ്ടർ സൂക്ഷ്മ പരിശോധനയിലാണ്.

(ബി) പൂർത്തിയായിട്ടില്ല.

(സി) 4 ബൈപ്പാസുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു.

(ഡി) 2008 ജൂൺ മാസം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

തീരദേശ റോഡിന്റെ നിർമ്മാണം

94 [1216] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ റോഡ് നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വർക്കിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly